
സെന്റ് തോമസ് കോളജ് പാലാ ഓട്ടോണമസ്
അരുണാപുരം പി.ഒ., കോട്ടയം 686 574

September 2024
Vol. 1 Issue 1 pages

പാലൈ
PALAI பாலை

# സാംസ്കാരിക സമന്വയത്തിന്റെ കേരള മോഡൽ



ഡോ. ഫാ. ജോബി ജേക്കബ് *

**സംഗ്രഹം**

ഏകധാരയായി രൂപപ്പെടുന്ന പ്രകൃതം സംസ്കാരങ്ങൾക്കൊന്നിനും കാണില്ല. സ്വാധീനങ്ങളും അധിനിവേശങ്ങളും സ്വീകരണങ്ങളുംകൊണ്ട് നിരന്തരം പൂർണമാക്കപ്പെടുകയും നവീകരിക്കപ്പെടുകയും ചെയ്യുന്ന സ്വഭാവമാണ് സംസ്കൃതികൾക്കെല്ലാമുള്ളത്. മുൻകാലങ്ങളിൽ നടന്ന ഇത്തരം സംസ്കാര രൂപീകരണങ്ങളുടെയും രൂപാന്തരീകരണത്തിന്റെയും ചരിത്രം ഇന്ന് അപഗ്രഥിക്കപ്പെടുകയും വിലയിരുത്തപ്പെടുകയും ചെയ്യുന്നുണ്ട്. സമകാലിക കാലത്തും ലോകത്തും ലോകത്തിന്റെ വൃദ്ധിക്ഷയങ്ങളും ഭാവപ്പകർച്ചകളും നമുക്ക് ഗോചരമാണ്. കേരളപശ്ചാത്തലത്തിൽ ഈ വിഷയത്തെ സമീപിക്കുമ്പോൾ ഗ്ലോക്കൽ (ഗ്ലോബൽ + ലോക്കൽ) എന്ന ന്യൂജെൻ നാമധേയത്തിന്റെ വ്യാപ്തിയിൽ സംസ്കാരത്തിന്റെ നിത്യപരിണാമത്തെ പഠിക്കാമെന്ന് കരുതുന്നു. കടലിനക്കരെനിന്ന് വിദേശ സഞ്ചാരികളും കച്ചവടക്കാരും സുഗന്ധദ്രവ്യങ്ങൾക്കുവേണ്ടിയും ക്രമേണ അധികാരസ്ഥാപനത്തിനുവേണ്ടിയും കുടിയേറിയ ഭൂതകാലത്തിന് നാം പകരംവീട്ടലുകൾ നടത്തുന്ന കാലമാണിത്. ഭൂഖണ്ഡങ്ങളിലേക്ക് കേരളീയർ നടത്തുന്ന കുടിയേറ്റങ്ങൾ ഇവിടുത്തെ ആവാസവ്യവസ്ഥയെയും സമൂഹത്തെയും സാംസ്കാരിക മേഖലകളെയും ചെറിയ അളവിലൊന്നുമല്ല സ്വാധീനിക്കുന്നത്.

താക്കോൽ വാക്കുകൾ: സംസ്കാരം, സമന്വയം, ഗ്ലോബൽ, ലോക്കൽ

## സംസ്കാരത്തിന്റെ നവദർശനം

അതിവിശിഷ്ടമായതല്ല, അവിശിഷ്ടമായതാണ് സംസ്കാരം. (Culture is Ordinary) എന്ന റെയ്മണ്ട് വില്യംസിന്റെ കാഴ്ചപ്പാടിനാണ് ഇന്ന് സ്വീകാര്യതയും അംഗീകാരവും ലഭിച്ചിട്ടുള്ളത്. സമൂഹജീവിതത്തിന്റെ അഥവാ മനുഷ്യജീവിതത്തിന്റെ മൗലിക തലങ്ങളെ സ്പർശിക്കുന്നതും അനുദിന വ്യാപാരങ്ങളിൽ വ്യാപിക്കുന്നതുമായ ജീവിതചര്യകളുടെ സാകല്യമാണത്. അങ്ങനെ നോക്കുമ്പോൾ

* അസി. പ്രൊഫസ്സർ, മലയാളം, നിർമലഗിരി കോളേജ്, കൂത്തുപറമ്പ്, കണ്ണൂർ ജില്ല.
Mob: 9447889603

കുലീനത, ആഭിജാത്യം തുടങ്ങിയ സംവർഗങ്ങളെ സംസ്കാരം ഗൗനിക്കുന്നില്ല എന്ന് വ്യക്തം. നരവംശശാസ്ത്രപരമായ സാമാന്യതയുടെ അപഗ്രഥനത്തിൽ സംസ്കാരപഠനം ആഴവും പരപ്പും കണ്ടെത്തുന്നു, അസാധാരണവും കുലീനവും (Extra ordinary and elite ) അല്ല, സാമാന്യവും സരളവുമായ അനുദിന മനുഷ്യാവസ്ഥകളെയാണ് സംസ്കാരപഠനം ഉള്ളടക്കമാക്കുന്നതെന്ന് ചുരുക്കം. നിരന്തരം അന്യോന്യം പങ്കുവയ്ക്കപ്പെടുന്നതും സംഘാതവുമായ മനുഷ്യാനുഭവങ്ങളും അവയിലൂടെ രൂപീകൃതമാകുന്ന സ്വത്വബോധത്തിന്റെയും പാരസ്പര്യത്തിന്റെയും ലോകബോധത്തിന്റെയും സമഗ്രതയാണ് സംസ്കാരം. വീട്ടിലും തെരുവിലും സമൂഹങ്ങളിലും മനുഷ്യസമ്പർക്കങ്ങളുടെ ഇടങ്ങളിലൊക്കെയും നാം അനുഭവിക്കുന്നതെല്ലാം സംസ്കാരമാണ്. ഭാഷയും ഭാഷണവും ഭക്ഷണവും കലയും സംഗീതവും പാരമ്പര്യങ്ങളും പതിവുകളുമല്ലാതെ മറ്റൊന്നുമല്ല സംസ്കാരം.

## നിത്യപരിണാമിയായ സംസ്കാരം

അചഞ്ചലവും സ്ഥിരവുമായ ഒരു പരിവേഷത്തിലല്ല സംസ്കാരം പ്രത്യക്ഷപ്പെടുന്നത്. അത് അനുസ്യൂതമായ മാറ്റത്തിന്റെയും വളർച്ചയുടെയും സ്വഭാവം പ്രദർശിപ്പിക്കുന്നു. വിശ്വാസാചാരങ്ങളിലും മൂല്യദർശനങ്ങളിലും വേഷവിധാനങ്ങളിലും മൂല്യനിർധാരണത്തിലും വ്യക്തിബന്ധങ്ങളിലും രുചിനിർണയങ്ങളിലും മതബോധത്തിലും കലയിലും സംസ്കാരത്തിന്റെ നിരന്തരമായ പുരോയാനമുണ്ട്. ആഗോളവൽക്കരണം, ശാസ്ത്രസാങ്കേതികവളർച്ച, കുടിയേറ്റവും പ്രവാസവും, പുതിയ മാനവികബോധം, സാമൂഹികനീതി തുടങ്ങിയ ഘടകങ്ങളെല്ലാം ഈ പുരോഗതി ഉറപ്പാക്കുന്നു. ഈ പരിണാമവും വളർച്ചയും കൊണ്ട് സംജാതമാകുന്ന മാറ്റങ്ങൾ കൗതുകകരമാണ്.

- # വർദ്ധമാനമാകുന്ന വൈവിധ്യങ്ങളും പ്രതിനിധാനങ്ങളും
- # മൂല്യശ്രേണിയിലും വിശ്വാസങ്ങളിലുമുള്ള പൊളിച്ചെഴുത്ത്
- # ഭാഷയുടെയും ചിഹ്നങ്ങളുടെയും ആശയവിനിമയവ്യവസ്ഥകളുടെയും തലങ്ങളിലെ നവീനതകൾ
- # ജീവിതദർശനത്തിൽ മാറുന്ന മുൻഗണനാക്രമങ്ങൾ
- # ദേശപരിമിതികൾക്കപ്പുറത്ത് രൂപീകൃതമാകുന്ന വെർച്വൽ കമ്മ്യൂണിറ്റി (virtual communities )
- # വ്യത്യസ്ത സംസ്കാരങ്ങളുടെയും പാരമ്പര്യങ്ങളുടെയും സമ്മിശ്രണം (cultural hybridity )

മനുഷ്യാനുഭവങ്ങളുടെയും സാമൂഹികാവസ്ഥകളുടെയും നിരന്തരമായ വളർച്ച സംസ്കാരത്തിന്റെ ജൈവികതയാണ് സൂചിപ്പിക്കുന്നത്. ചടുലവും സർഗാത്മകവും പരീക്ഷണാത്മകവുമായ മാനങ്ങൾ കൈവരിക്കുന്നതിൽനിന്ന് സമൂഹങ്ങളും സംസ്കാരങ്ങളും വിരമിക്കുന്നില്ലെന്ന യാഥാർത്ഥ്യത്തിന് എല്ലാ തലമുറകളും സാക്ഷികളാണ്.

ആഗോളവൽക്കരണത്തിന്റെയും കുടിയേറ്റങ്ങളുടെയും സാങ്കേതിക വിപ്ലവത്തിന്റെയും ഫലമായി സംസ്കാരവിനിമയങ്ങളും സങ്കരസംസ്കാരങ്ങളും വർദ്ധിക്കുമ്പോൾ ഇതിനു തികച്ചും വിപരീതമായ മറ്റൊരു താൽപര്യം തീർത്തും അവഗണിച്ചുകൂടാ. സംസ്കാരത്തനിമ (cultural homogenization) യുടെ സംരക്ഷണമാണത്. വൈവിധ്യങ്ങളും വിഭിന്നങ്ങളുമായ ജീവിതശൈലികളും ദർശനങ്ങളും പാരമ്പര്യങ്ങളും കൂടിച്ചേർന്നുണ്ടാകുന്ന മിശ്രിത സംസ്കൃതിയുടെ വലിയ മൂല്യത്തെ വിലമതിക്കുന്നതോടൊപ്പം തനതുസംസ്കൃതികളുടെ ശുദ്ധിയെയും അവയുടെ നൈസർഗികവും പൈതൃകവുമായ സമ്പന്നതയെയും ഇകഴ്ത്തിക്കാണരുത്. കൂടിക്കലർന്നുണ്ടാകുന്ന നവമിശ്രിതത്തിന്റെ നവീനതയെയും സർഗാത്മകതയെയും ആദരിക്കുന്ന തോതിൽത്തന്നെ അവയുടെ പ്രാഥമിക തലങ്ങളുടെ തനിമയെയും അനന്യതയെയും ആദരിക്കേണ്ടതാണ്.

ആദിവാസി സമൂഹങ്ങളെ 'പരിഷ്കൃതരാക്കുന്ന'തിലെ അനൗചിത്യവും അധർമ്മവും ഇന്ന് സാർവത്രികമായി അംഗീകരിക്കപ്പെട്ടിട്ടുണ്ട്. മനുഷ്യവംശത്തിന്റെ പാരമ്പര്യസമ്പത്തായ അനേകം മൂല്യങ്ങളും പെരുമാറ്റങ്ങളും വിശ്വാസസംഹിതകളും ശിഥിലീകരണവും അന്യവൽക്കരണവും നടക്കാതെ സംരക്ഷിക്കപ്പെടേണ്ടതാണ്. ആഗോളവൽക്കരണത്തെ മാനിക്കുകയും ഉൾക്കൊള്ളുകയും

ചെയ്യുമ്പോൾത്തന്നെ തദ്ദേശീയ സംസ്കൃതികളുടെ തനിമയും പ്രാധാന്യവും അവഗണിച്ചുകൂടാ. അന്യംനിന്നു പോകുന്ന കലാരൂപങ്ങളോടും ഭാഷകളോടും ജീവിവർഗങ്ങളോടും സസ്യലതാദികളോടും പരിഷ്കൃത സമൂഹം എക്കാലവും പുലർത്തിപ്പോരുന്ന ആദരവും അവരുടെ നിലനിൽപ്പിനുവേണ്ടി നടത്തുന്ന പ്രയത്നങ്ങളും സംസ്കാരവൈവിധ്യങ്ങളോടും തനത് സംസ്കൃതികളോടും പുലർത്തണമെന്നാണ് വിവക്ഷ.

## കേരളത്തിന്റെ ഗ്ലോക്കൽ സംസ്കാരം

അന്തർദേശീയവും അത്യന്തം ബഹുലവുമായ ഘടകങ്ങളുടെ മിശ്രണങ്ങൾ കണ്ടെത്തുന്നതിൽ തീർച്ചയായും വിജയിക്കുന്ന ശ്രമമാണ് കേരള സംസ്കാരത്തിന്റെ ഘടനയുടെ അപഗ്രഥനം. ആഗോള പ്രവണതകളുടെയും താല്പര്യങ്ങളുടെയും ചലനങ്ങൾ വളരെ വേഗത്തിൽ ഗ്രഹിക്കുകയും പ്രതികരിക്കുകയും ചെയ്യുന്ന സമൂഹമാണ് കേരളത്തിലേത്. ദേശാന്തരഗമനങ്ങളും കുടിയേറ്റവും പ്രവാസങ്ങളും അന്താരാഷ്ട്ര വേദികളിലെ കലാകായികമേളകളും കേരളത്തിന്റെ സാംസ്കാരിക ചക്രവാളത്തെ അനുദിനം വികസ്വരമാക്കിക്കൊണ്ടിരിക്കുകയാണ് എന്നു പറയാം. ജീവിതത്തിന്റെ സമസ്ത മേഖലകളെയും സ്വാധീനിക്കുകയും ബാധിക്കുകയും പരിവർത്തനപ്പെടുത്തുകയും ചെയ്യുന്ന സാംസ്കാരികവിപ്ലവങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. വിദ്യാഭ്യാസം, ഭക്ഷണശൈലി, വസ്ത്രധാരണം, ആചാരാനുഷ്ഠാനങ്ങൾ, കല, വിനോദം, കുടുംബവ്യവസ്ഥ, ഭാഷ തുടങ്ങിയ എല്ലാ മേഖലകളിലും സാംസ്കാരികവിപ്ലവം നടന്നുപോരുന്നു. സാംസ്കാരിക ഹൈബ്രിഡിറ്റി (cultutal hybridity)എന്നു വിശേഷിപ്പിക്കാവുന്ന വിധത്തിൽ വിഭിന്ന സാംസ്കാരികശീലങ്ങൾ ഒരുമിച്ചു ചേരുകയും വൈവിധ്യങ്ങളുടെ സല്ലയനത്തിൽ സാംസ്കാരികരൂപങ്ങൾ ഉയർന്നുവരികയും ചെയ്യുന്ന പ്രതിഭാസം ഈ കാലഘട്ടത്തിൽ യാഥാർത്ഥ്യമാണ്.

## വിദ്യാഭ്യാസം

ഇന്ത്യയിൽ സാക്ഷരതയിൽ ഒന്നാംസ്ഥാനം എന്ന പഴയ അഭിമാനഹേതു പിന്തള്ളി വിദേശ വിദ്യാഭ്യാസം നേടുന്നതിൽ മുന്നിട്ടു നിൽക്കുന്ന സംസ്ഥാനമായി കേരളം മാറുന്നു. രാഷ്ട്രീയവും സാമ്പത്തികവുമായ കാരണങ്ങൾക്കൊണ്ട് നടത്തുന്ന അപഗ്രഥനങ്ങൾ ഈ വിഷയത്തിൽ ധാരാളമുണ്ട്. തൊഴിലവസരങ്ങൾ തേടിയാണ് ഈ കുടിയേറ്റങ്ങൾ മിക്കതും എന്നതാണ് യാഥാർത്ഥ്യം. തൊഴിലന്വേഷണമാണ് ഇത്,അല്ലാതെ യഥാർത്ഥ അറിവന്വേഷണമല്ല എന്ന ആരോപണത്തെ പൂർണമായി നിരാകരിക്കാനാവില്ല. മെഡിക്കൽ, എൻജിനീയറിങ് പഠന മേഖലകൾ തെരഞ്ഞെടുക്കുന്നതിലുണ്ടായ അഭൂതപൂർവമായ വർധനയും ശ്രദ്ധിക്കേണ്ടതാണ്. ഇംഗ്ലീഷ് മീഡിയം സ്കൂളുകളുടെ വ്യാപനം, പരമ്പരാഗതമായ ആർട്സ് ആൻഡ് സയൻസ് വിഷയങ്ങൾ പഠിക്കാൻ ചേരുന്ന വിദ്യാർത്ഥികളുടെ കുറവ്, സ്വന്തം നാടും നഗരവും വിട്ട് വിദൂരത്ത് എവിടെയെങ്കിലും പോയി പഠിക്കാനുള്ള താല്പര്യം തുടങ്ങിയവ പുതിയ പ്രവണതകളാണ്.

## ഭക്ഷണശൈലി

കേരള കുസിൻ (kerala cuisine ) ഇന്ന് ഭ്രമമായി മാറി. പണ്ടൊക്കെ ആളുകൾ യാത്രാവേളകളിൽ മാത്രമാണ് ഹോട്ടലുകളെ ആശ്രയിച്ചിരുന്നത്. ലക്ഷ്യസ്ഥാനത്ത് അഥവാ, വീട്ടിലെത്തി ഭക്ഷണം കഴിക്കാൻ നിർവാഹമില്ലാത്ത സന്ദർഭങ്ങളിൽമാത്രം ഹോട്ടലുകളിൽ കയറുന്ന പഴയ ശീലം മാറി. ഇപ്പോൾ ഭക്ഷണം കഴിക്കാൻവേണ്ടിമാത്രം ആളുകൾ വീടുകളിൽ നിന്ന് കൂട്ടമായി പുറത്തേക്കു പോകുന്നു. കാസർഗോഡ് മുതൽ തിരുവനന്തപുരം വരെയുള്ള ഒരു തുടർനഗരമാണ് കേരളം ഇന്ന്. വഴിയോരങ്ങളിൽ അടുത്തടുത്ത് ഹോട്ടലുകൾ- പലതരത്തിലുള്ളവ -പെരുകിക്കൊണ്ടിരിക്കുന്നു. മലയാളിയുടെ പഴയ ഭക്ഷണക്രമവും മാറി. അറേബ്യൻ ഭക്ഷണവും പാശ്ചാത്യ ഭക്ഷണവും മലയാളിക്ക് സ്ഥിരപരിചിതങ്ങളും നിത്യശീലങ്ങളുമായി. കൂടാതെ കേരളത്തിൻറെ പ്രത്യേക ഭക്ഷണക്രമങ്ങൾ വിദേശ രാഷ്ട്രങ്ങളിലേക്കും കുടിയേറിക്കഴിഞ്ഞു. യുവതലമുറ മാത്രമല്ല, എല്ലാ ജീവിതാവസ്ഥകളിലുള്ളവരും ഈ പുതിയ രുചിസമ്പ്രദായങ്ങളോട് ഇണങ്ങിക്കഴിഞ്ഞു. പായ്ക്കറ്റ് ഫുഡും കോള പോലുള്ള പാനീയങ്ങളും ഉളവാക്കുന്ന ആരോഗ്യപ്രശ്നങ്ങളെക്കുറിച്ചുള്ള തിരിച്ചറിവിനിടയിലും വമ്പിച്ച സ്വീകാര്യതയോടെ അവ ഉപയോഗിക്കപ്പെടുന്നു.

## വസ്ത്രധാരണം

പരമ്പരാഗത കേരളവേഷങ്ങൾ - സാരി, മുണ്ട് - ഇന്നും ഉപയോഗിക്കുന്നുവെങ്കിലും പാശ്ചാത്യ വേഷങ്ങൾക്ക് ഇന്ന് പ്രചുരപ്രചാരമാണ് കൈവന്നിരിക്കുന്നത്. നിത്യേന ധരിക്കുന്ന വസ്ത്രങ്ങളിൽ മാത്രമല്ല, വിവാഹം തുടങ്ങിയ ചടങ്ങുകളിലും ഈ മാറ്റം പ്രകടമാണ്. അതേസമയം, കേരളത്തിന്റെ തനതുവേഷമായ കസവുമുണ്ട്, സാരി തുടങ്ങിയവയ്ക്ക് വിദേശത്തും പ്രചാരമായിക്കഴിഞ്ഞു. മലയാളിയിലൂടെ ഭൂഖണ്ഡങ്ങൾക്കപ്പുറത്തേക്ക് വ്യാപിക്കുന്ന സംസ്കൃതിയുടെ ദൃഷ്ടാന്തമാണിത്, അഥവാ സംസ്കാരത്തിൻറെ വിനിമയമാണിത്. നവസാങ്കേതികമാധ്യമങ്ങളോടും അന്താരാഷ്ട്രകുടിയേറ്റങ്ങളോടും ഈ വിനിമയം കടപ്പെട്ടിരിക്കുന്നു.

## ആചാരാനുഷ്ഠാനങ്ങൾ

ഓരോ ദേശത്തിന്റെയും സംസ്കൃതിയെയും പാരമ്പര്യത്തെയും അടയാളപ്പെടുത്തുന്നതിൽ വിവിധങ്ങളായ അനുഷ്ഠാനങ്ങൾക്ക് വലിയ പങ്കുണ്ട്. മതവിശ്വാസങ്ങളുടെ ബാഹ്യ അടയാളങ്ങളായും വസ്ത്രധാരണത്തിലെ രീതികളായും ജനനം, വിവാഹം, മരണം തുടങ്ങിയവയോട് ബന്ധപ്പെട്ട ചടങ്ങുകളിലെ വ്യതിരിക്തതകളായും വിദ്യാഭ്യാസ സാമൂഹിക രംഗങ്ങളിലെ പ്രത്യേകതകളായും വിനോദങ്ങളിലെയും ഉത്സവങ്ങളിലെയും ശീലങ്ങളായും ആചാരാനുഷ്ഠാനങ്ങൾ വെളിവായി കാണുന്നു. ഇവയിൽ മതവും മത ചടങ്ങുകളുമാണ് കൂടുതൽ വ്യക്തമായവ. കാരണം, അത്രമാത്രം മതബദ്ധമായ ചിന്താരീതികളും ജീവിതക്രമങ്ങളുമാണ് ഭാരതീയരുടെയും കേരളീയരുടെയും. "മതമാണ് ഈ നാടിന്റെ പ്രാണൻ. മതമാകുന്ന കൈപ്പിടികൊണ്ടുമാത്രമേ ഈ ജനതയെ ഉയർത്താനോ താഴ്ത്താനോ കഴിയൂ" എന്ന് യുഗപുരുഷനായ സ്വാമി വിവേകാനന്ദൻ പറഞ്ഞത് സ്മരണീയമാണ്. (മദ്രാസിൽ വച്ച് അദ്ദേഹം നടത്തിയ ഒരു പ്രസംഗത്തിൽ പറഞ്ഞത്). എം.കെ. സാനു 'മൃത്യുഞ്ജയം കാവ്യജീവിതം' എന്ന ഗ്രന്ഥത്തിൽ ഇത് ഉദ്ധരിക്കുന്നു. മതവിശ്വാസങ്ങളാണ് ആചാരങ്ങളായും അനാചാരങ്ങളായും പ്രത്യക്ഷപ്പെടുന്നത്. മതേതരത്വം എന്ന മൂല്യത്തെക്കുറിച്ച് അക്കാദമികവും രാഷ്ട്രീയവും സാമൂഹികവുമായ സംവാദങ്ങൾ നിർബാധം നടത്തുമ്പോഴും തീവ്ര മതനിലപാടുകളിൽനിന്ന് അണുവിട വ്യതിചലിക്കാൻ കേരളസമൂഹം ഒരുക്കമല്ല എന്നു വ്യക്തം.

ഇതിന്റെ മറുവശമാണ് നമ്മുടെ ശ്രദ്ധയ്ക്ക് വിഷയമാകേണ്ടത്. മുൻപ് പറഞ്ഞ പാരമ്പര്യശീലങ്ങളോട് തീവ്രബന്ധം പുലർത്തുന്ന തലമുറയുടെ നിലപാടുകളെ അവഗണിക്കുന്ന സമൂഹം ഇവിടെ വളർന്നുവരുന്നു. നേരിട്ടും സാമൂഹ്യമാധ്യമങ്ങൾ വഴിയും സംലബ്ധമാകുന്ന വിദേശ സംസ്കാരത്തിൻറെ സ്വാധീനത്താൽ മതങ്ങളും മതബദ്ധകുടുംബങ്ങളും നിഷ്കർഷിക്കുന്ന നിഷ്ഠകളെ അവഗണിക്കാനും നിരാകരിക്കാനും പോന്ന ആർജ്ജവത്വം കേരള സമൂഹത്തിൽ ഇന്ന് പ്രകടമാണ്. തലമുറകളായി പിന്തുടർന്നുപോരുന്ന ശീലങ്ങളും ചടങ്ങുകളും അത്രമേൽ അനിവാര്യമാണെന്ന ചിന്ത അവർക്കില്ല.

സംസ്കാരങ്ങളുടെ 'Melting pot' ആകാനുള്ള ഭൂമിശാസ്ത്രസാഹചര്യമാണ് കേരളത്തിലുള്ളത്. കടൽവഴി കടന്നുവരുന്ന സംസ്കാരങ്ങളുടെ ഒരു സഞ്ചിതമേഖലയായി കേരളം മാറിയിട്ട് നൂറ്റാണ്ടുകളായി. അറബ്, ജൂത, സിറിയൻ, ചൈനീസ്, പോർച്ചുഗീസ്, ഡച്ച്, ഫ്രഞ്ച്, ബ്രിട്ടൻ സംസ്കൃതികളുടെ അനേക ഘടകങ്ങളുടെ സംക്രമണംകൊണ്ടാണ് ഇന്നത്തെ കേരളം രൂപീകൃതമായത്. സമുദ്രമാർഗം വിട്ട് വായുമാർഗത്തിലൂടെ പാശ്ചാത്യ സാംസ്കാരിക ഘടകങ്ങളുടെ കടന്നുവരവ് ഇന്ന് സർവസാധാരണമായിട്ടുണ്ട്.

## വിദേശത്ത് വളരുന്ന കേരളസംസ്കൃതി

പ്രവാസി സമൂഹങ്ങൾ തങ്ങൾ ചെന്നെത്തുന്ന ഇടങ്ങളിലേക്ക് തങ്ങളുടെ ജൈവസമ്പത്തും ഗാർഹികാന്തരീക്ഷവും കൊണ്ടുപോകുന്നുണ്ട്. ചെന്നു താമസിക്കുന്ന ഇടത്ത് വിട്ടുപോന്ന ഇടത്തിന്റെ അന്തരീക്ഷം ആക്കാനുള്ള ശ്രമത്തിലാണ് അവർ. ഭക്ഷണക്രമവും വിശ്വാസാചാരങ്ങളും മറ്റനേകം തനിമകളും സാധ്യമാകുന്നിടത്തോളം അവർ സംരക്ഷിച്ചുപോരും. സാഹചര്യങ്ങളോട് പ്രതികരിച്ചും സഹകരിച്ചും മുന്നേറുമ്പോൾത്തന്നെ പ്രവാസികളുടെ സംഘബോധം അവരുടെ തനത് പാരമ്പര്യവും

സംസ്കൃതിയും ആവിഷ്കരിക്കാൻ പ്രേരണ നൽകുന്നുണ്ട്. വിദേശ മലയാളികളുടെ ഒത്തുചേരലുകളും ആഘോഷങ്ങളും കലാമേളകളും ഭക്ഷ്യമേളകളും പത്രമാസികകളും സംഘടനാ പ്രവർത്തനങ്ങളും ഇതാണ് വ്യക്തമാക്കുന്നത്. ഗൾഫ് രാജ്യങ്ങളിലും അമേരിക്കയിലും യൂറോപ്പിലും ഏഷ്യൻ രാജ്യങ്ങളിലും ധാരാളം കേരളാഘോഷങ്ങൾ നടക്കുന്നു. ഓണവും വിഷുവും പള്ളിപ്പെരുന്നാളുകളും കേരളീയ കലകളുടെ അവതരണങ്ങളും സാംസ്കാരിക ഘോഷയാത്രകളും ഭൂഖണ്ഡങ്ങളിലെങ്ങും നടക്കുന്നു .

തൊഴിൽ തേടിയും മെച്ചപ്പെട്ട ജീവിതസൗകര്യങ്ങൾ നേടാനും വിദേശ നാട്ടുകളിൽ എത്തുന്നവരുടെ എണ്ണം ദിനംപ്രതി വർദ്ധിച്ചുകൊണ്ടിരിക്കുന്നു. പുതിയ ദേശത്ത് എത്തുന്ന പ്രവാസി അയാൾക്കൊപ്പം മാതൃദേശത്തെയും സംവഹിച്ചുകൊണ്ടാണ് പോകുന്നതെന്ന് ന്യായമായും പറയാം. കുടിയേറ്റക്കാർ തങ്ങളുടെ തനതുസംസ്കാരവുമായുള്ള ജൈവികബന്ധം പുതിയ സാഹചര്യങ്ങളിലും നിലനിർത്താൻ നടത്തുന്ന ഈ പരിശ്രമമാണ് 'ഡയസ്പോറ സിദ്ധാന്തം' എന്നറിയപ്പെടുന്നത്.

## ഉപസംഹാരം

കേരളത്തിലും വിദേശത്തും കേരളസംസ്കാരം മറ്റു സംസ്കാരങ്ങളോട് ഐക്യപ്പെടുകയും ഒപ്പം, കലർപ്പില്ലാതെ നിലനിൽക്കാനുള്ള പര്യാപ്തത തെളിയിക്കുകയും ചെയ്യുന്നു. നൂറ്റാണ്ടുകൾക്കുമുൻപ് സമുദ്രസഞ്ചാരികളുടെ ആഗമനത്തോടെ ആരംഭിച്ച്, ഇന്നും തുടരുന്ന ഈ സാംസ്കാരിക പ്രത്യേകത കേരളത്തിൻറെ ആഗോള സ്വാധീനതയെ വിശദീകരിക്കുന്നു. കേരളത്തിൻറെ സാംസ്കാരിക ഘടകങ്ങൾ ഇതര ഭൂഖണ്ഡങ്ങളിലേക്ക് വ്യാപിക്കുന്നു. ഒപ്പം, പ്രവാസികൾ തങ്ങളുടെ തനിമ സംരക്ഷിക്കുകയും ചെയ്യുന്നു. അങ്ങനെ ആഗോള പ്രാദേശിക (ഗ്ലോബൽ -ലോക്കൽ) സംയോജനം നടക്കുന്നു.